(സി) അതാതു ഡിസ്ട്രിക്റ്റിലെ കളക്റ്റർമാർ.

(ഡി) സാധാരണമായി ഓരോ താലൂക്കിലും കൃത്യസമയത്തു് പഞ്ചസാര ലഭിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകളാണു് ചെയ്തിട്ടുള്ളതു്. എന്നാൽ ചില സമയങ്ങളിൽ അകലെയുള്ള ഫാക്റ്ററികളിൽനിന്നു് പഞ്ചസാര കൊണ്ടുവരാൻ വേണ്ടത്ര റയിൽവേ വാഗണുകളും കിട്ടാതെവരുന്നതുകൊണ്ടു് താമസം വന്നുപോകുന്നുണ്ടു്.

കേരളത്തിലെ ഹോട്ടലുകൾ വ്യാപാരികളും

66. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യങ്ങൾക്കായി കേരളത്തിൽ മൊത്തം എത്ര ഹോട്ടൽ വ്യാപാരികളുണ്ടു്;

(ബി) ഓരോ താലൂക്കിലും എത്ര പേർ; ആരെല്ലാം;

(സി) കൂടുതൽ ഹോട്ടലുകൾ കൂടി തുടങ്ങുവാൻ അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 210.

(ബി) * സ്റ്റേറ്റുമെൻറു് അനുബന്ധമായി ചേർത്തിരിക്കുന്നു

(സി) ഇതുസംബന്ധിച്ചു് വിവിധ ഡിസ്ട്രിക്റ്റുകളിൽ നിന്നും കിട്ടിയിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

അരി വില

67. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960–ൽ ഐക്യകക്ഷി ഗവണ്മെൻറധികാരത്തിൽ വന്നപ്പോൾ ഒരു പക്ക അരിക്കു് എത്ര വിലയായിരുന്നു;

(ബി) 1964 ജനുവരി 5-ാം തീയതി ഒരു പക്ക അരിക്കു് വില എന്താണു്?

ഉത്തരം

(എ) 1960-ൽ ഫെബ്രുവരി മാസത്തിൽ ഐക്യകക്ഷി ഗവണ്മെൻറു് അധികാരത്തിൽ വന്നപ്പോൾ പൊതുവിപണിയിൽ ഒരു പക്ക (ഇടങ്ങഴി) അരിക്കു് ശരാശരി 73 നയാപൈസ വില ഉണ്ടായിരുന്നു.

(ബി) 1964 ജനുവരി 5–ാംനു- പൊതുവിപണിയിൽ ഒരു പക്ക (ഇടങ്ങഴി) അരിക്കു് 83 നയാപൈസ വരെ വിലയുണ്ടായിരുന്നു.

സാധനങ്ങളുടെ വില

68. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴെ പറയുന്ന സാധനങ്ങൾക്കു് 1960 ഫെബ്രുവരി 1–ാംനു എന്തായിരുന്നു വില:

Appendix I

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1963 ഡിസംബർ 31–ാം തീയതി എന്തായിരുന്ന വില ?

സാധനങ്ങൾ

മുളകു്	ഒരു റാത്തലിനു്
കുവന്നുള്ളി	,,
പൂടു് (ഈവളപ്പുള്ളി)	,,
മല്ലി	,,
ജീരകം	,,
കടുകു്	,,
ഉലുവാ	,,
ചെറുപയറു്	,,
തുവരപ്പരിപ്പു്	,,
കടല	,,
ഉപ്പു്	,,

ഉത്തരം.

(എ, ബി) ഈ സാധനങ്ങൾക്കു് കൊച്ചി മാക്കറ്റിൽ ഉണ്ടായിരുന്ന വില വിവരം കാണിക്കുന്ന * സ്റ്റേറ്റുമെന്റു് അനുബന്ധമായി വെച്ചിരിക്കുന്നു.

ലാൻഡു് ട്രിബ്യൂണലുകൾ

69. [9] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ ബിൽ നടപ്പിൽ വരുത്തുന്നതിനെ സഹായിക്കുന്ന ട്രിബ്യൂണലുകൾ എന്നു് നടപ്പിൽ വരും;

(ബി) ഓരോ താലൂക്കിലും ഓരോ ട്രിബ്യൂണലുകൾ ഉണ്ടാകുമോ?

ഉത്തരം

(എ, ബി) ഇതേപ്പറ്റി ഒരു അവസാന തീരുമാനം എടുത്തിട്ടില്ല.

Mr. Speaker : Order, order. Question hour is over.

9 A. M.]

CALLING ATTENTION UNDER RULE 61.

Difficulties experienced by the people of Kerala in the matter of purchasing shares of the Cochin Oil Refineries Company.

Mr. Speaker : I have received notice under Rule 61 from Shri K. M. George. I call upon the Member to make a statement.

ശ്രീ. കെ. എം. ജോർജ്ജു് : സർ, കൊച്ചിൻ ഓയിൽ റിഫൈനറിയുടെ ഷെയർ വില്പന കമ്പനി പ്രഖ്യാപിച്ചിരിക്കുന്ന ഒരു അവസരമാണിതു്. ഈ കമ്പനിയിൽ നമ്മുടെ കേരളത്തിലെ ആളുകൾക്കു് അവരാഗ്രഹിക്കുന്നിടത്തോളം ഷെയർ വാങ്ങുന്നതിനും, അങ്ങനെ അതിൽ സഹകരിക്കുന്നതിനും ഒരു അവസരം കിട്ടാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ള സങ്കടകരമായ സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതിനുവേണ്ടിയാണു് ഞാൻ ഈ നോട്ടീസ്സു് നൽകിയിട്ടുള്ളതു്. സർ, നമ്മുടെ രാജ്യത്തു് വ്യവസായവൽക്കരണ

* Appendix II

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II.

[*Please see answer to Unstarred Question No.* 68 (8)]

വില വിവര പട്ടിക

സാധനങ്ങൾ		1–2–1960–ൽ	31–12–63–ൽ
	ഒരു റാത്തലിനു്	തുല്യവില കിലോ ഗ്രാമിനു്	കിലോഗ്രാമിനു
	ക. ന. സ.	ക. ന. സ.	ക. ന. സ.
മുളകു്	1 78	3 92	2 79
പുവന്നുള്ളി	0 14	0 31	0 53
വെളുത്തുള്ളി	Not reported	.. ..	.. ..
മല്ലി	0 75	1 63	0 98
ജീരകം	Not reported	.. ..	5 00
കടുക	Do.	.. ..	1 10
ഉലുവാ	Do.	.. ..	0 85
ചെറുപയറു്	0 34	0 75	0 88
തുവരപരിപ്പു്	0 43	0 95	1 08
കടല	Not reported	.. ..	0 59
ഉപ്പു്	0 4	0 9	0 10

LIBRARY ARCHIVES Kerala Legislative Assembly